DESPATCHED
On.....07/03/22

3/3/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **CP 805(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17590/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മാർച്ച് 3

ശ്രീ. സെബാസ്റ്റ്യൻ വാഴക്കാല,
തെക്കൻ വാഴക്കാല വീട്,
കോടുശ്ശേരി, വട്ടപ്പറമ്പ് പി.ഒ.,
പിൻ – 683 579. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,
ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ കാര്യാലയം,
കുടുംബശ്രീ, എറണാകുളം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 3.11.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.11.2021, 26.11.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.12.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 30.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 2.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സെബാസ്റ്റ്യൻ വാഴക്കാല, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും അപ്പീൽ അധികാരിയുടെ അഡ്രസ്സ് കൃത്യമായി രേഖപ്പെടുത്താതെയാണ് മറുപടി നൽകിയതെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ടിയാനുണ്ടായ ക്ലേശങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്നും എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ 3.11.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) 1140/എ3/2021/കെ.എസ്.ഇ.കെ.എം. നമ്പറായി 25.3.2021 തീയതിയിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിക്ക് എസ്.പി.ഐ.ഒ അയച്ചിരുന്ന കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

1എ) മറുപടി ലഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് കാരണം വ്യക്തമാക്കണമെന്നും മറ്റുമായി 3 ഇനങ്ങളിലും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 15.11.2021, 26.11.2021 എന്നീ തീയതികളിൽ എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ 17.3.2021 തീയതിൽ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷക്ക് 20.1.2022–ൽ മറുപടി നൽകിയിട്ടുണ്ടെന്നാണ്. 2016–17, 2017–18 കാലയളവിൽ ജില്ലാമിഷന് ലഭിച്ച ഫണ്ടുകൾ, പ്രവർത്തനങ്ങൾ തുടങ്ങിയ വളരെയധികം വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത് എന്നും ആയത് തയ്യാറാക്കാൻ ജില്ലാമിഷനിലെ എല്ലാ ജീവനക്കാരുടെയും വളരെയധികം സമയം ഉപയോഗിക്കേണ്ടതായ ഒരു സാഹചര്യം ഉണ്ടായിരുന്നു എന്നും ആവശ്യപ്പെട്ട വിവരങ്ങളിൽ പരമാവധി വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാൻ 17.3.2021–ന് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ടാണ് 3.11.2021–ലെ വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ആയതിന് 15.11.2021–ന് മറുപടി നൽകിയിട്ടുള്ളതുമാണ്. 17.3.2021–ലെ അപേക്ഷയിന്മേൽ കമ്മീഷനിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചതിന് ശേഷം 20.1.2022 നാണ് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളത്. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് ആ നിലയിലുള്ള അവരുടെ ചുമതലകളും അവർ നിർവ്വഹിക്കേണ്ടത് എന്നതിനാൽ ഹർജിക്കാരൻ 17.3.2021–ൽ സമർപ്പിച്ച പ്രകാരമുള്ള വളരെയധികം വിവരങ്ങൾ ആവശ്യപ്പെട്ട് സമർപ്പിക്കുന്ന ബൃഹത്തായ വിവരാവകാശ അപേക്ഷകൾ പരമാവധി ഒഴിവാക്കി, പൊതു ജനങ്ങൾക്ക് സാധാരണ

നൽകി വരുന്ന സേവനങ്ങൾ തടസപ്പെടാതെ ശ്രദ്ധിക്കണമെന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. അതുപോലെതന്നെ കമ്മീഷനിൽ അപേക്ഷ നൽകുമ്പോൾ ഓരോ വിവരാവകാശ അപേക്ഷയിന്മേലും പ്രത്യേകം പ്രത്യേകം അപ്പീൽ സമർപ്പിക്കേണ്ടതുമാണ്.

6. വിവരാവകാശ നിയമ പ്രകാരം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയത് ഹർജിക്കാരനെ പ്രയാസപ്പെടുത്തിയതായും 17.3.2021-ലെ വിവരാവകാശ അപേക്ഷയ്ക്കും മറ്റും സമയബന്ധിതമായി എതിർകക്ഷി മറുപടി നൽകിയിട്ടില്ല എന്ന ആക്ഷേപവും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സമയബന്ധിതമായി മറുപടി നൽകാതിരിക്കുന്നതും അപൂർണ്ണമായ മറുപടി നൽകുന്നതും വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും കമ്മീഷൻ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരന് കൃത്യമായ മറുപടിയല്ല നൽകിയതെന്ന ആക്ഷേപം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനും ആവശ്യമെങ്കിൽ പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യം എതിർകക്ഷി ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ പരാതി ഹർജി ഇന്നേ ദിവസം 2022 മാർച്ച് 3-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk